©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ജനുവരി 14<br>14th January 2020<br>1195 ധനു 29<br>29th Dhanu 1195<br>1941 പൌഷം 24<br>24th Pousha 1941 | നമ്പർ<br>No. | 86 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ. ഉ. (അ) നമ്പർ 3/2020/തസ്വഭവ**
**എസ്. ആർ. ഒ. നമ്പർ 30/2020**

തിരുവനന്തപുരം, *2020 ജനുവരി 10.*
*1195 ധനു 25.*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 51, 52 എന്നീ വകുപ്പുകൾ 254-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ചതിന് ശേഷം, 1995 ഫെബ്രുവരി 17-ാം തീയതിയിലെ സ.ഉ.(പി)27/95/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1995 ഫെബ്രുവരി 17-ാം തീയതിയിലെ 173-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 229/95-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന്, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2020-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) രണ്ടാം ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.- 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ,-

(1) 6-ാം ചട്ടത്തിലെ, (3)-ാം ഉപചട്ടത്തിൽ "രസീത് നൽകേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം "രസീത് നൽകേണ്ടതും (2 എ) ഉപചട്ടപ്രകാരം സ്ഥാനാർത്ഥി സമർപ്പിച്ച 2 എ നമ്പർ ഫാറത്തിലുള്ള വിശദവിവരങ്ങളുടെ പകർപ്പ് സമ്മതിദായകരുടെ അറിവിലേയ്ക്ക് വരണാധികാരിയുടെ ഓഫീസിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്." എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(2) 9-ാം ചട്ടത്തിലെ (2)-ാം ഉപചട്ടം വിട്ടുകളയേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
റ്റി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ, 9-ാം ചട്ടത്തിലെ (2)-ാം ഉപചട്ടത്തിൽ, നാമനിർദ്ദേശ പത്രികയോടൊപ്പം സ്ഥാനാർത്ഥി 2 എ ഫോറത്തിൽ സമർപ്പിക്കുന്ന വിശദവിവരങ്ങളുടെ പകർപ്പ്, ഫാറം 3-പ്രകാരം ലഭിച്ച നാമനിർദ്ദേശപത്രികകളുടെ ലിസ്റ്റിനൊപ്പം, പ്രസിദ്ധപ്പെടുത്തണമെന്നും അവയുടെ പകർപ്പുകൾ മറ്റ് സ്ഥാനാർത്ഥികൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നു.

സ്ഥാനാർത്ഥി സമർപ്പിക്കുന്ന വിശദവിവരങ്ങൾ മറ്റ് സ്ഥാനാർത്ഥികൾക്കും മാധ്യമങ്ങൾക്കും നൽകുന്നതിനാണ് 2005-ലെ ഭേദഗതിയിലൂടെ കൂട്ടിച്ചേർത്ത 9-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടത്തിൽ ഊന്നൽ നൽകിയിരുന്നത്. എന്നാൽ സ്ഥാനാർത്ഥിയെക്കുറിച്ച് അറിയാനുള്ള സമ്മതിദായകരുടെ ഭരണഘടനാപരമായ അവകാശം സംരക്ഷിക്കുന്നതിനാണ് സ്ഥാനാർത്ഥിയെ സംബന്ധിക്കുന്ന 2 എ ഫാറത്തിലുള്ള വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നത് എന്ന് ബഹു. സുപ്രീം കോടതിയുടെ 13.09.2013-ലെ Resurgence India V Election Commission of India, 25.09.2018-ലെ Public Interest Foundation & Ors V Union of India 16.02.2018-ലെ Lok Prahari V Union of India & Ors എന്നീ വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിന്റെ പശ്ചാത്തലത്തിൽ സ്ഥാനാർത്ഥിയെ സംബന്ധിച്ച വിശദവിവരങ്ങൾ സമ്മതിദായകരുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നതിന് 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചട്ടങ്ങൾ 6–ാം ചട്ടം (3)–ാം ഉപചട്ടം ഭേദഗതി ചെയ്യുന്നതിനും ഇത് സംബന്ധിച്ച നിലവിലെ വ്യവസ്ഥയായ 9–ാം ചട്ടത്തിലെ (2)–ാം ഉപചട്ടം ഒഴിവാക്കുന്നതിനുമാണ് നിർദ്ദിഷ്ട ഭേദഗതി. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മാധ്യമങ്ങൾക്ക് പ്രത്യേകമായി ഇവ നൽകുന്നത് മൂലം കൂടുതൽ സമ്മതിദായകർക്ക് സ്ഥാനാർത്ഥിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയാൻ കഴിയുന്നതാണ്. ഇതിലേയ്ക്ക് നൂറോളം വരുന്ന "ദൃശ്യ ശ്രവ്യ അച്ചടി – ഇലക്ട്രോണിക്" മാധ്യമങ്ങൾക്ക് വരണാധികാരി ഇവയുടെ പകർപ്പ് എടുത്ത് സൗജന്യമായി നൽകണമെന്നില്ല. പകരം നിർദ്ദിഷ്ട ഭേദഗതിപ്രകാരം വരണാധികാരിയുടെ ഓഫീസിൽ പ്രസിദ്ധീകരിക്കുന്ന വിശദവിവരങ്ങൾ ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് മാധ്യമങ്ങൾക്ക് പകർത്താനും യഥേഷ്ടം ഉപയോഗപ്പെടുത്താനും കഴിയുന്നതാണ്. അതുപോലെ തന്നെ മറ്റ് സ്ഥാനാർത്ഥികൾക്കും ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന വിശദവിവരങ്ങൾ പരിശോധിക്കാൻ കഴിയും.

2002–ലെ ഭേദഗതിയിലൂടെ 1951–ലെ ജനപ്രാതിനിധ്യ ആക്ടിൽ ഉൾപ്പെടുത്തിയ 33 എ വകുപ്പ് (3)–ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അതോടൊപ്പമുള്ള 26–ാം നമ്പർ ഫോറത്തിലുള്ള സ്ഥാനാർത്ഥിയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ സമ്മതിദായകരുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മറ്റ് സ്ഥാനാർത്ഥികൾക്കോ മാധ്യമങ്ങൾക്കോ പ്രത്യേകമായി ഇവ നൽകണമെന്ന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥയില്ലാത്തതാണ്.

ആയതിനാൽ ജനപ്രാതിനിധ്യ ആക്ടിലെ 33 എ വകുപ്പ് (3)–ാം ഉപവകുപ്പിന് സമാനമായ വ്യവസ്ഥ 1995–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 6–ാം ചട്ടത്തിലെ (3)–ാം ഉപചട്ടത്തിൽ ഉൾപ്പെടുത്തുന്നതിനും, ഇപ്രകാരമുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനാൽ പ്രസ്തുത ചട്ടങ്ങളിലെ 9–ാം ചട്ടത്തിലെ (2)–ാം ഉപചട്ടം വിട്ടുകളയുന്നതിനുമാണ് നിർദ്ദിഷ്ട ഭേദഗതി.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2020.01.14 03:19:09 +05:30